**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4048 24.06.2019 -ലെ മറുപടിക്ക്**

## <u>ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ഭവനരഹിതർക്കായി നടപ്പിലാക്കി വരുന്ന ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിലെ മുഴുവൻ ഭവന രഹിതരെയും ഉൾപ്പെടുത്തുന്നതിൽ നിരവധി പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റേഷൻ കാർഡ് ഇല്ലാത്തതും കൈവശാവകാശത്തിലുള്ള പ്രശ്നങ്ങളും മൂലം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗത്തിലെ മുഴുവൻ ഭവനരഹിതരെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം അറിയിക്കുമോ; | (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഭവനരഹിത കുടുംബങ്ങളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗത്തിലെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അർഹരായ എല്ലാ ഭവനരഹിത പട്ടികജാതി |
| (ഡി) | മുഴുവൻ പട്ടികജാതി ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനാവശ്യമായ ഇളവുകൾ ലൈഫ് പദ്ധതിയിൽ | | |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുമോ; വിശദവിവരം അറിയിക്കാമോ? | | കുടുംബങ്ങൾക്കും വാസയോഗ്യവും, സുരക്ഷിതവുമായ ഭവനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ